# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3202 | 20.12.2012 ൽ മറുപടിക്ക്

## പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസുകളുടെ പുന:സംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ് | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ ദൈർഘ്യം എന്ന ശാസ്ത്രീയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസുകൾ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് പഠനത്തിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. അതുപ്രകാരം നാറ്റ്പാക്ക് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു |
| (ബി) | ഇരുനൂറ്റി അമ്പത് കിലോമീറ്ററിൽ കൂടുതൽ മരാമത്ത് റോഡുകളുള്ള നിയോജക മണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കേണ്ടത് സംബന്ധിച്ച ആവശ്യകത ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (ബി) | ഉന്നയിക്കപ്പെട്ടിട്ടുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസുകൾ സ്വീകരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |
| (സി) | മുന്നൂറ്റി അമ്പതിൽ അധികം കിലോമീറ്റർ പി.ഡബ്ല്യൂ.ഡി റോഡുകൾ ഉള്ളതും ഒന്നു വീതം സെക്ഷൻ ഓഫീസുകൾ ഉള്ളതുമായ ഇരിക്കൂർ, പേരാവൂർ, കോതമംഗലം, മഞ്ചേശ്വരം, ഉദുമ എന്നീ നിയോജക മണ്ഡലങ്ങളിൽ പുതുതായി പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസുകൾ എത്രയും വേഗത്തിൽ ആരംഭിക്കുന്നതിന്റെ ആവശ്യകത പരിഗണിച്ച് ആയതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ